2010
നവംബർ
123

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക





ലിറ്റിൽ മാസികയുടെ നെൽകൃഷി സംരംഭത്തിൽനിന്ന് ഒരു ദൃശ്യം.
ചുങ്കത്തറ കുറ്റിമുണ്ടയിലെ കൃഷിയിടത്തിൽനിന്ന്.

## ഒരു കോളേജ് കാമ്പസ് ഖാദിയെ പ്രണയിക്കുന്നു

- കലയുടെ മതനിരപേക്ഷ മാനങ്ങൾ

## റോഡപകടങ്ങളിൽപ്പെട്ടവരെ സഹായിക്കുമ്പോൾ

## ധ്യാനത്തിന്റെ ചലനാത്മക വഴികൾ

മൊഴിയാഴങ്ങൾ

ഷൗക്കത്ത്



# അവരവരിലേക്ക് വിരൽ ചൂണ്ടുന്നവരല്ല ജ്ഞാനികൾ

അഹം ബ്രഹ്മമാണെന്നു ഋഷി പറഞ്ഞു. ബ്രഹ്മം താനാണെന്നു നാം തെറ്റിദ്ധരിച്ചു. അഹം, അഹം എന്നു വ്യവഹരിക്കുന്നത് വ്യക്തിയല്ല, മറിച്ച് സമഷ്ടിയാണ്, ബ്രഹ്മമാണ് എന്നാണ് ഋഷി പറഞ്ഞത്. അതൊരു അനുഭവവാക്യമാണ്. നാം അത് ഉപദേശവാക്യമായെടുത്തു. ബ്രഹ്മം എന്നു പറയുന്നത് ഞാൻ ആണെന്ന് നെഞ്ച് വിരിച്ചിരുന്ന് നാം ഏവരോടും പറയാൻ തുടങ്ങി. അറിവു തേടി അടുത്തെത്തുന്നവരെ അറിവിലേക്കാകർഷിക്കുന്ന ഋഷിപരമ്പരയുടെ സ്ഥാനത്ത് അറിവു തേടിയെത്തുന്നവരെ തന്നിലേക്കാകർഷിക്കുന്നവരുടെ പരമ്പര ഉടലെടുത്തു. മൈൽക്കുറ്റിയുടെ ചുവട്ടിൽ തല കുമ്പിട്ടിരിക്കുന്ന അന്വേഷകർ. ഉണർന്നെഴുന്നേൽക്കാത്തിടത്തോളം എവിടെയുമെത്താൻ പോകുന്നില്ലെന്ന് അറിയുകയോ അറിയിക്കുകയോ ചെയ്യാത്ത ഗുരുവര്യൻമാർ. അറിവു പകരുന്നതിനേക്കാൾ സംഘബലം വർദ്ധിപ്പിക്കുകയെന്നത് ലക്ഷ്യമായതോടെ അതിനേക്കാൾ ഇതിന് പ്രാധാന്യമേറി. എല്ലാ വിധേയത്വങ്ങളിൽ നിന്നും മുക്തമാകാൻ ആശ്രയിക്കേണ്ടത് പരംപൊരുളിന്റെ മഹനീയതയാണെന്നറിയാതെ മനസ്സിനെ പ്രീണിപ്പിക്കുന്ന ലോകങ്ങളിൽ കറങ്ങിത്തിരിയുകയാണു നാം. പ്രപഞ്ച കേന്ദ്രീകൃതമായ ഉൾക്കാഴ്ചയോടെ എല്ലാ വിധേയത്വങ്ങളിൽ നിന്നും മുക്തമാക്കേണ്ട ബോധത്തെ വ്യക്തി കേന്ദ്രീകൃതമായ ഇരുൾക്കാഴ്ചയിലേക്കു ചുരുക്കി വിധേയത്വത്തിൽ തളച്ചിടുന്ന കപടയതികളുടെ ആത്മീയതയാണ് ഇതിനെ കലുഷമാക്കുന്നത്.

2010
നവംബർ
ലക്കം 123

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

•

ചീഫ് എഡിറ്റർ
ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ

പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ്
ചന്ദ്രബാബു തൃക്കലങ്ങോട്

സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി

കവർ ഫോട്ടോ
ദേവൻസ് സ്റ്റുഡിയോ

ടൈപ്പ് സെറ്റിംഗ്
ജസീല

ലേഔട്ട്
റസീസ് അഹമ്മദ്

പ്രിന്റിംഗ്
ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ
9895117614

•

നിലപാട്

സച്ചിദാനന്ദൻ



# ന്യൂ ലെഫ്റ്റ് റിവ്യൂ, ലണ്ടൻ റിവ്യൂ...

## ലിറ്റിൽ മാഗസിനുകളെക്കുറിച്ചുള്ള ഗൗരവ വിചാരം...

സാഹിത്യത്തിലെ അവാങ്-ഗാദിനെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ പീറ്റർ ബർഗർ (Theory of the Avant-Guard 1984) പറയുകയുണ്ടായി, അത് ഭാഷാപരവും രൂപപരവുമായ മാറ്റങ്ങളുണ്ടാക്കുക മാത്രമല്ല ചെയ്യുന്നത്. സാഹിത്യമെന്ന സ്ഥാപനത്തെ തന്നെ ചോദ്യം ചെയ്യുന്നു എന്ന്. ആധുനികലോക സാഹിത്യത്തിൽ സാമുവൽ ബെക്കറ്റും ഫ്രാൻസ് കാഫ്കയും ടി. എസ്. ഏലിയറ്റും അയൊനെസ്കവും മറ്റും ഘടനാപരമായ മാറ്റം വരുത്തിയെന്നിടത്തോളം അവാങ്-ഗാദ് എഴുത്തുകാരായിരുന്നു. എന്നാൽ ബെർതോൾട് ബ്രെഹ്റ്റും പാവ്ലോ നെരൂദായും നികാന്തോർ പാർറായും ലൂയി അരവിന്ദും പോൾ എലുവാദും സോയിൻകയും ഗാർതിയാമാർകേസും ഹോസേ സരമാഗുവും ബെൻദാക്രിയും ചിനുവാ ആചെമ്പേയും മറ്റും മറ്റൊരു സൗന്ദര്യ സങ്കൽപത്തെയും ഒന്നിച്ചു മുന്നോട്ടുവെക്കുക വഴി പൂർണ്ണമായ അർത്ഥത്തിൽ അവാങ്-ഗാദ് ആകുന്നു. അതുപോലെ ആന്ദ്രെ ബ്രെറ്റങ്, അന്ത്യോനിൻ അർതോദ്, റൊളാന്ത് സാർഥ്, ഷോർഷ് ബതായ് തുടങ്ങിയവർ വ്യവസ്ഥാപിത സമൂഹത്തിന്റെ കടുത്ത വിമർശകരാണ്; എന്നാൽ വാൾട്ടർ ബെൻയാമിൻ, ഗ്രാംഷി, ഓസ്കാർ നെഗ്റ്റ്, അൽത്തൂസർ, അലക്സാണ്ടർ ക്ലൂഗ്, ഴാക് ദെരിദാ, ദെല്യൂസ്, ഗുഥാരി, ഫൂക്കോ, സിസെക് തുടങ്ങിയ ചിന്തകർ മറ്റൊരു സമൂഹത്തിന്റെ സങ്കൽപം മുന്നോട്ടുവെക്കുക കൂടി ചെയ്യുകയും സ്ഥാപന വിമർശനത്തോടൊപ്പം എതിർപ്രവർത്തനത്തിന്റെ സിദ്ധാന്തം ആവിഷ്ക്കരിക്കാനുദ്യമിക്കുകയും കൂടി ചെയ്യുന്നു. ലിറ്റിൽ മാഗസിനു കളുടെ ചരിത്രത്തിലും ഇത്തരത്തിൽ രണ്ടു തരം മാസികകളുമുണ്ടായിട്ടുണ്ട്.

സ്പെക്റ്റേറ്റർ മുതൽ ലിറ്റററി ക്രൈറ്റീരിയയാണ് , മൗണ്ടന്റ് സ് മൂവിങ്ങും മറ്റും വരെയുള്ളവ ആദ്യത്തേതിനും ബ്ലാക് ഓർഫ്യൂസ് , ഡ്രം , ന്യൂ ലെഫ്റ്റ് റിവ്യൂ , തുടങ്ങിയവ രണ്ടാമത്തേതിനും ഉദാഹരണങ്ങൾ. ലണ്ടൻ റിവ്യൂ വും മറ്റും പോലെ രണ്ടിനും ഇടം നൽകുന്ന പ്രസിദ്ധീകരണങ്ങളുമുണ്ട്.

*(കടപ്പാട്: വൈദ്യശസ്ത്രം മാസിക 2008 ജനുവരി)*

Copy left: ലിറ്റിൽ മാസിക ഒരു കോപ്പിലെഫ്റ്റ് പ്രസിദ്ധീകരണമാണ്. ലിറ്റിൽ മാസികയിലെ രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. കടപ്പാട് സൂചിപ്പിക്കണമെന്ന് മാത്രം.



# ഒരു കോളേജ് കാമ്പസ് ഖാദിയെ പ്രണയിക്കുന്നു.!

ഫോട്ടോ: ജിട്ടു മൂൺസ്റ്റോൺ

**വേറിട്ടു കാണാനും വ്യത്യസ്തതയ്ക്കും വേണ്ടി കേവലമൊരു പുതുമ സൃഷ്ടിക്കുക എന്ന പുതുതലമുറയുടെ ഫാഷൻ ജ്വരമല്ല ഈ ഖാദി പ്രണയത്തിനു പിന്നിൽ.**

കോളേജ് കാമ്പസുകൾക്ക് പുതിയ ട്രെന്റുകളുടെ പിന്നാലെ പോകുന്ന മനസ്സുണ്ട്. സിനിമാതാരങ്ങളുടെ, കായിക താരങ്ങളുടെ പുതിയ ഫാഷനുകളെ അനുകരിച്ച് കാമ്പസും വർണ്ണമണിയുന്നു.

മലപ്പുറം ജില്ലയിലെ അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജിലെ ഒരു സംഘം ഡിഗ്രി വിദ്യാർത്ഥികൾ കാമ്പസിൽ വ്യത്യസ്തമായ ഒരു ഫാഷൻ തരംഗത്തിന് രൂപം കൊടുത്തിരിക്കുകയാണ്. ഖാദി വസ്ത്രങ്ങളുടെ വൈവിധ്യ മേളനം. ആൺ-പെൺ വ്യത്യാസമില്ലാതെ ഷർട്ടും ജുബ്ബയും ചുരിദാറും പൈജാമയും... ഖാദി കൊണ്ട് തയ്പിച്ച് കാമ്പസിൽ പുതിയൊരു ട്രെന്റിന് ഈ സംഘം തുടക്കം കുറിച്ചിരിക്കുന്നു. വേറിട്ടു കാണാനും വ്യത്യസ്തതയ്ക്കും വേണ്ടി കേവലമൊരു പുതുമ സൃഷ്ടിക്കുക എന്ന പുതുതലമുറയുടെ ഫാഷൻ ജ്വരമല്ല ഈ ഖാദി പ്രണയത്തിനു പിന്നിൽ. ആദർശ ശുദ്ധിയുള്ള ഒരദ്ധ്യാപകൻ പകർന്നു നൽകിയ പ്രചോദിപ്പിക്കുന്ന ആശയശക്തി ഈ പോസിറ്റീവ് ട്രെന്റിനു പിറകിലുണ്ട്.

## ഡോ: നുജും എന്ന ഊർജ്ജകേന്ദ്രം

ഇപ്പോൾ അലിഗഢ് സർവ്വകലാശാലയിൽ അദ്ധ്യാപകനായ ഡോ: എ. നുജും കുറച്ചുകാലം അരീക്കോട്ടെ ഈ കോളേജിൽ മലയാളം അദ്ധ്യാപകനായുണ്ടായിരുന്നു. എഴുത്തുകാരനും പരിസ്ഥിതി പ്രവർത്തകനുമായ നുജും കാമ്പസിലെത്തിയതോടെ പരിസ്ഥിതി ക്ലബ്ബും സർഗ്ഗവേദിയും N.S.S. യൂണിറ്റും സജീവമായി. പരമ്പരാഗത ശൈലികളിൽ നിന്നു മാറി മണ്ണിന്റെ ഗന്ധമറിയുന്ന, പരിസ്ഥിതി അവബോധമുള്ള ഒരു സംഘം പ്രവർത്തനരംഗത്തെത്തി. കാമ്പസിൽ മാത്രമല്ല ഗ്രാമങ്ങളിൽ ജലസംരക്ഷണ പ്രവർത്തനങ്ങളും ജല സ്രോതസ്സുകൾ വീണ്ടെടുക്കലും നാട്ടറിവ് സംരക്ഷണവും മറ്റുമായി കുട്ടികൾ കർമ്മരംഗത്തേക്കിറങ്ങി.


## ഖാദി ചർച്ചാവിഷയമാകുന്നു

ഖാദിവസ്ത്രം ധരിക്കാറുള്ള നുജും ക്ലാസിൽ ഖാദി ധരിച്ചെത്തിയ സഹീദ് എന്ന വിദ്യാർത്ഥിയോട് വസ്ത്രശൈലിയെക്കുറിച്ച് ആരായുന്നു. പതുക്കെ അതൊരു വസ്ത്രധാരണ ശൈലിയെക്കുറിച്ചുള്ള ചർച്ചയായി മാറുന്നു. കോളേജിൽ നിന്ന് കുറച്ചകലെ ഖാദി-കൈത്തറി നെയ്ത്തുശാലയുണ്ടെന്നും അവിടത്തെ സ്ത്രീകളടക്കമുള്ള തൊഴിലാളികളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ നേരിടുന്ന പ്രയാസങ്ങളെ കുറിച്ച് ക്ലാസിൽ ചർച്ച നടക്കുന്നു. കോളേജിലെ സർഗ്ഗവേദി പ്രവർത്തകരായ ഒരു സംഘം കുട്ടികൾ ഉഗ്രപുരത്തുള്ള നെയ്ത്തുശാല സന്ദർശിക്കാൻ തീരുമാനിക്കുന്നത് അങ്ങനെയാണ്. നെയ്ത്തുശാലയിലെത്തിയ ആരോമൽ, ബിനീഷ, ഫാത്തിമ പർവ്വിൻ, മനാസ്, ജനീഷ്, ഷെറിൻ, ഷാനിമോൾ, അഫ്സിന ദീപ്തി തുടങ്ങിയ ഈ സംഘം ഖാദിവസ്ത്രങ്ങൾ വാങ്ങിപ്പോരുകയും അവ തയ്ച്ച് ധരിച്ച് കോളേജിലെത്തുകയും ചെയ്തു. പളപളപ്പില്ലാത്ത പുതിയ ഫാഷൻ കാമ്പസിൽ ശ്രദ്ധിക്കപ്പെട്ടതോടെ ഈ കുട്ടികൾ ഖാദിക്കു വേണ്ടി പ്രചാരണം തുടങ്ങി. ഖാദിസംഘം കോളേജിലെ സ്വദേശി

*ശേഷം പേജ് 10ൽ*

# ശ്രീനിവാസൻ പറയുന്ന

## ചെറിയ പ്രധാനകാര്യങ്ങൾ



**മാതൃഭൂമി ആഴ്ചപ്പതിപ്പ് 2010 ഒക്ടോബർ 10 ലക്കത്തിൽ കെ.സി. സുബി ചലച്ചിത്ര നടൻ ശ്രീനിവാസനുമായി നടത്തിയ സംഭാഷണത്തിൽനിന്ന്... ചലച്ചിത്ര നായികയും ധനാഢ്യയുമായ സിനിമാതാരവും, സ്വന്തമായി എയർപോർട്ടുള്ള ലണ്ടനിലെ കോടീശ്വരനും ക്ലീനിംഗ് ജോലിയും മറ്റും അഭിമാനത്തോടെ ചെയ്യുന്നതിനെക്കുറിച്ച്...**

തൊഴിലിന്റെ അന്തസ്സ് ഒരു തരി പോലും മനസ്സിലായിട്ടില്ലാത്ത ആളുകളാണ് നമ്മൾ. എന്റെ അച്ഛൻ ഒരു കമ്മ്യൂണിസ്റ്റായിരുന്നു. ഒരു രക്ഷയുമില്ലെങ്കിൽ വല്ല അമ്പട്ടന്റെ പണിയുമെടുക്കും . എന്ന് അദ്ദേഹം പറയാറുണ്ട്. അപ്പോൾ അമ്പട്ടന്റെ പണി അത്ര മോശമാണ് എന്നാണ് പറയുന്നത്. ചെരയ്ക്കാൻ പോടാ എന്ന് തെറിയായിട്ടും പറയും. മറ്റൊരു രാജ്യത്തും ഇങ്ങനെയുണ്ടെന്നു തോന്നുന്നില്ല.

പ്രിയദർശൻ പറഞ്ഞ ഒരു കഥയാണ്: പ്രിയനും സെവനാർട്സ് വിജയകുമാറും കൂടി എവിടെയോ പോകുന്ന വഴിക്ക് ലണ്ടനിൽ എത്തി. പ്രിയന്റെ വന്ദനം എന്ന സിനിമയിൽ അഭിനയിച്ച ഗിരിജ എന്ന നടി അവിടെയാണ് താമസിക്കുന്നത്. ആ കുട്ടിയുടെ അച്ഛൻ ആന്ധ്രക്കാരനാണ്. അമ്മ ഇംഗ്ലീഷുകാരിയും. വലിയ പണക്കാരാണ്. ഇവർ ചെല്ലുമ്പോൾ ആ കുട്ടി സ്വീകരിച്ചിരുത്തി. രണ്ടു മണിക്കൂർ കഴിഞ്ഞ് വരാമെന്നു പറഞ്ഞ് ഈ ഗിരിജ പുറത്തുപോവുകയാണ്. ജോലിക്കു പോയതാണ്. പിന്നീട് ഇവർ മനസ്സിലാക്കുന്ന കാര്യമുണ്ട്. അവിടെ കാറുകൾ നിർത്തിയിടുന്ന സ്ട്രീറ്റുണ്ട്. ആ സ്ട്രീറ്റിൽ കാറു കഴുകലാണ് ഗിരിജ ചെയ്യുന്നത്. അങ്ങനെ പണമുണ്ടാക്കും. ബ്രഷും സോപ്പും ഒക്കെ ആയിട്ടാണ് അവർ തിരിച്ചുവന്നത്. വലിയ വീടും സൗകര്യവുമുള്ള കുട്ടിയാണ്. സിനിമയിലൊക്കെ നായികയായ ആളാണ്. നമ്മുടെ നാട്ടിലെ ഒരാൾക്ക്, ഒരു പണക്കാരന്, ഇത് ചിന്തിക്കാൻ പറ്റുമോ? ഇവിടെ ഇത്തരം ജോലികളൊക്കെ ആളുകൾ ഗതികേടു കൊണ്ടാണ് ചെയ്യുന്നത്. അവിടെ അങ്ങനെയല്ല.

ഞാനും മോഹൻലാലുമൊക്കെ അക്കരെ അക്കരെ അക്കരെ എന്ന സിനിമയ്ക്കുവേണ്ടി ഹൂസ്റ്റണിൽ പോയിരുന്നു. അവിടെ ഹൾ എന്ന എയർപോർട്ടിൽ. അതൊരു പ്രൈവറ്റ് എയർപോർട്ടാണ്. ഹൾ ഒരാളുടെ പേരാണ്. സ്വന്തമായി എയർക്രാഫ്റ്റുള്ള ബിൽ കോസ്ബി എന്ന നടനെ അവിടെ വെച്ച് പരിചയപ്പെടുന്നുണ്ട്. ഞങ്ങൾ ഹൾ എയർപോർട്ടിലെ ടോയ്‌ലറ്റിൽ ഇടക്കിടെ പോകും. ഞങ്ങൾ ഇറങ്ങിക്കഴിഞ്ഞാൽ പ്രായം ചെന്ന ഒരാൾ വന്ന് അതിനകത്തു കയറി വൃത്തിയാക്കുന്നത് കാണാറുണ്ട്. നോക്കുമ്പോൾ അത് എയർപോർട്ടിന്റെ ഉടമയാണ്. നമുക്ക് ചിന്തിക്കാൻ പോലും കഴിയില്ല. അവരിത് വലിയ കാര്യം പോലെ ഒന്നുമല്ല ചെയ്യുന്നത്. അതാണ് ശരിക്കും സംസ്ക്കാരം എന്നു പറയുന്നത്.

തൊഴിലുമായി ബന്ധപ്പെട്ടാണ് മനുഷ്യന്റെ സംസ്ക്കാരം ആദ്യം വരേണ്ടത്. അല്ലാതെ മതവും ജാതിയുമായി ബന്ധപ്പെട്ടല്ല. സാംസ്കാരിക സമ്മേളനങ്ങൾ നടത്തിയാൽ സാംസ്കാരിക ഉന്നതി ഒന്നുമുണ്ടാവില്ല.

ഇതൊക്കെ എന്റെ വളരെ ചെറിയ അനുഭവങ്ങളാണ്. പക്ഷേ, അപ്പോഴേക്കും നമ്മൾ താരതമ്യം ചെയ്തുപോവുകയാണ്. നമ്മുടെ ഈ മാനസികാവസ്ഥ എങ്ങനെ രൂപപ്പെട്ടു എന്ന് എനിക്കറിയില്ല. ആരും ഇതൊന്നും വലിയ ഇഷ്യൂ ആക്കാറില്ല. എല്ലാവരും ഇതൊക്കെ അംഗീകരിച്ച മട്ടാണ്. നല്ല ജോലി, ചീത്ത ജോലി എന്നിങ്ങനെ വിവേചനത്തിന്റെ വേരുകൾ കണ്ടുപിടിച്ച് മുറിക്കുന്നത് സാംസ്കാരികമായി ഗുണം ചെയ്യും. പക്ഷേ, ഒരു ചർച്ച, ഈ വിഷയത്തിൽ, ഇവിടെയില്ല. അതൊക്കെ അങ്ങനെ പൊയ്ക്കോട്ടെ എന്ന് എല്ലാവരും തീരുമാനിച്ചുകഴിഞ്ഞു.

പണ്ടത്തെ ആധാരങ്ങൾ വായിക്കുമ്പോൾ തൊഴിൽ സംബന്ധിച്ച് സ്വസ്ഥം കൃഷി എന്നു കാണാം. എന്തൊരു ഫലിതമാണിത്. സ്വസ്ഥമായി കൃഷി ചെയ്യാൻ കഴിയുമോ? കൃഷി ചെയ്യണമെങ്കിൽ അദ്ധ്വാനിക്കണം. അപ്പോൾ അങ്ങനെയല്ല. വേറെയുള്ളവനെ കൊണ്ട് പണിയെടുപ്പിച്ച് ഇങ്ങനെ നോക്കിനിൽക്കുന്നവനാണ് സ്വസ്ഥം കൃഷി ചെയ്യുന്നവൻ. അവൻ മിടുക്കൻ. പണി ചെയ്യുന്നവൻ മോശം. നമ്മുടെ പ്രശ്നങ്ങളുടെ അടിവേര് ഈ മനോഭാവത്തിലുണ്ട്. മതം, ജാതി, ഇപ്പോഴത്തെ ഈ പ്രശ്നങ്ങൾ തുടങ്ങിയ അസംബന്ധങ്ങൾ ഈ മനോഭാവത്തെയാണ് വളമാക്കുന്നത്. ഒരാൾ സ്വയം വിഡ്ഢിയാകാൻ തീരുമാനിച്ചാൽ ആർക്കും രക്ഷിക്കാനാവില്ല. തീരുമാനം നമ്മുടേതാണെന്ന് ആശ്വസിക്കാമെന്നു മാത്രം.

### പലരും ചോദിക്കുന്ന ചോദ്യം

*ലിറ്റിൽ മാസികയിൽ മറ്റു പ്രസിദ്ധീകരണങ്ങളിൽനിന്ന് കടമെടുത്ത് ധാരാളം രചനകൾ ഉപയോഗിക്കുന്നുണ്ടല്ലോ. ഇത് ആശാസ്യകരമാണോ?*

**ഉത്തരം:**

സമാന ആശയങ്ങൾ പ്രസിദ്ധീകരിക്കുന്ന ഇതര പ്രസിദ്ധീകരണങ്ങളിൽനിന്ന് എടുത്ത് കൊടുക്കുന്നത് ആശയങ്ങളുടെ തട്ടും തടവുമില്ലാത്ത ഒഴുക്കിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്. എല്ലാവരും എല്ലാ പ്രസിദ്ധീകരണങ്ങളും വായിക്കുന്നില്ലല്ലോ.

നിയമം

ലിമാ ന്യൂസ് ഡെസ്ക്

# റോഡപകടങ്ങളിൽപ്പെട്ടവരെ സഹായിക്കുമ്പോൾ

**റോഡപകടങ്ങളിൽ പരിക്കേറ്റ ഒരാളെ ആശുപത്രിയിൽ കൊണ്ടുപോകുന്ന ആരെയും ചോദ്യം ചെയ്യാനായി ആ കാരണം കൊണ്ട് മാത്രം പോലീസ് സ്റ്റേഷനിലേക്ക് വിളിക്കുവാൻ പാടില്ല. അവരിൽ നിന്ന് എന്തെങ്കിലും വിവരം അറിയണമെങ്കിൽ അവരുടെ സൗകര്യമറിഞ്ഞ ശേഷം അവരുടെ വീട്ടിലോ അവർക്ക് സൗകര്യമുണ്ട് എന്നു പറയുന്ന മറ്റേതെങ്കിലും സ്ഥലത്തോ പോയി പോലീസ് അവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കണം.**

ആലുവ കമ്പനിപ്പടിയിൽ ഓടിച്ചിരുന്ന സ്കൂട്ടറിൽ കാർ തട്ടി സുസ്മിത എന്ന വിദ്യാർത്ഥിനിക്ക് മണിക്കൂറുകളോളം റോഡിൽ രക്തം വാർന്നു കിടക്കേണ്ടിവന്നു. ഒടുവിൽ യാത്രക്കാരിലാരോ ഒരാൾ ആശുപത്രിയിലെത്തിച്ചപ്പോഴേക്കും ആ ജീവൻ പൊലിഞ്ഞുപോയിരുന്നു. കേരളത്തിൽ ദിനംപ്രതി നടക്കുന്ന റോഡപകടങ്ങളിൽ ഒന്നുമാത്രമാണിത്. രക്ഷിക്കാൻ ആരും തയ്യാറാകാതെ റോഡിൽ കിടന്ന് മരണപ്പെടേണ്ടിവരുന്ന ദുരവസ്ഥക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് അപകടത്തിൽ പെടുന്നവരെ രക്ഷിക്കാൻ ശ്രമിക്കുന്നവരെ കാത്തുകിടക്കുന്ന നിയമത്തിന്റെ നൂലാമാലകളും പ്രശ്നങ്ങളുമാണ്. പോലീസിന്റെ വക ചോദ്യംചെയ്യലുകൾ, സാക്ഷിയായി കോടതി കയറേണ്ടിവരുന്ന അവസ്ഥ. ഒരിക്കൽ ഇത്തരമൊരു പ്രശ്നത്തിലടപെട്ടാൽ പിന്നെ ആരും റോഡപകടമെന്നു കേട്ടാൽ ആ വഴിക്കു തിരിഞ്ഞുപോലും നോക്കാതെ കടന്നുകളയുകയാണ് പതിവ്. ഫലമോ, റോഡിൽ നിത്യേനയെന്നോണം തക്കസമയത്ത് സഹായം കിട്ടാതെ ജീവനുകൾ പൊലിയുന്നു.

സത്യത്തിൽ അപകടത്തിൽ പെടുന്നവരെ സഹായിക്കാൻ ഒരാൾ തുനിഞ്ഞാൽ എന്തൊക്കെയാണ് സംഭവിക്കുന്നത്? ഉള്ളിൽ നന്മയുള്ളതുകൊണ്ടാണ് ഒരാൾ അപകടത്തിൽ പെടുന്നയാളെ ആശുപത്രിയിൽ എത്തിക്കുകയും മറ്റും ചെയ്യുന്നത്. ഇതേ നന്മയുടെ പേരിൽ ഇത്തരക്കാർ പീഡിപ്പിക്കപ്പെടുന്നത് ശരിയാണോ? ഈ സാഹചര്യത്തിൽ റോഡപകടങ്ങളിലെ മനുഷ്യത്വരഹിതമായ നിഷ്ക്രിയത്വത്തിന്റെ കാരണവും പരിഹാരവും അന്വേഷിക്കേണ്ടതിന്റെ പ്രസക്തി വർധിച്ചുവരുന്നു. പലരും നിയമവ്യവസ്ഥയെയാണ് കുറ്റപ്പെടുത്തുന്നത്. നിയമം കൈകാര്യം ചെയ്യുന്ന പോലീസിനെ പ്രതിസ്ഥാനത്തു നിർത്തുന്നവരുമുണ്ട്. എന്നാൽ, സുപ്രീം കോടതിയും മറ്റു കോടതികളും ശക്തമായി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ചർച്ച ചെയ്യപ്പെടേണ്ടതും പ്രയോജനപ്പെടുത്തേണ്ടതുമാണ്.

### സുപ്രീംകോടതി പറയുന്നു; അടിയന്തര ശുശ്രൂഷ ഒരു അവകാശമാണ്

എല്ലാ മുറിവേറ്റവരേയും പ്രത്യേകിച്ചും റോഡപകടം, ആക്രമണം എന്നിവയ്ക്ക് വിധേയരാവരെ ആശുപത്രിയിലെത്തിച്ചാൽ പ്രാഥമിക ശുശ്രൂഷ നൽകി മെച്ചപ്പെട്ട ചികിത്സ വേണ്ടിടത്തേക്കു എത്തിക്കുന്നതുവരെയുള്ള ചുമതല ആശുപത്രികളിൽ നിക്ഷിപ്തമാണെന്ന് സുപ്രീംകോടതി. (SLP (C) 796/92 -06-05-1996 സുപ്രീംകോടതി)

### ഡി.ജി.പി. യുടെ ഉത്തരവ് പറയുന്നത്

കേരള ഡി.ജി.പി പുറപ്പെടുവിച്ച സർക്കുലർ 06/2009ൽ ഇപ്രകാരം പറയുന്നു:

"റോഡപകടങ്ങളിൽ പരിക്കേറ്റവരെ എത്രയും പെട്ടെന്ന് ആശുപത്രിയിലെത്തിക്കേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു പൗരധർമ്മമാണ്. അങ്ങനെ ചെയ്യുന്ന വ്യക്തികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ജീവൻരക്ഷാ പ്രവർത്തനത്തിലേർപ്പെടുന്ന അത്തരം ഒരാൾക്ക് പോലീസിൽ നിന്ന് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകുവാൻ പാടുള്ളതല്ല. റോഡപകടങ്ങളിൽ പരിക്കേറ്റ ഒരാളെ ആശുപത്രിയിൽ കൊണ്ടുപോകുന്ന ആരെയും ചോദ്യം ചെയ്യാനായി ആ കാരണം കൊണ്ട് മാത്രം പോലീസ് സ്റ്റേഷനിലേക്ക് വിളിക്കുവാൻ പാടില്ല. അവരിൽ നിന്ന് എന്തെങ്കിലും വിവരം അറിയണമെങ്കിൽ അവരുടെ സൗകര്യമറിഞ്ഞ ശേഷം അവരുടെ വീട്ടിലോ അവർക്ക് സൗകര്യമുണ്ട് എന്നു പറയുന്ന മറ്റേതെങ്കിലും സ്ഥലത്തോ പോയി പോലീസ് അവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കണം.

റോഡപകടങ്ങളിൽ പരിക്കേറ്റവരെ ആശുപത്രിയിലെത്തിച്ച ആളുകളെ അവർ കേസിനാസ്പദമായ സംഭവത്തിന് നേരിട്ട് ദൃക്സാക്ഷിയല്ലെങ്കിൽ കേസിൽ വിസ്തരിക്കേണ്ട സാക്ഷികളുടെ പട്ടികയിൽ സാധാരണഗതിയിൽ ഉൾപ്പെടുത്തേണ്ടതില്ല. നേരത്തെ നടന്ന അപകടം മൂലം വഴിയിൽ പരിക്കേറ്റ് കിടന്ന ആളെ ആശുപത്രിയിൽ കൊണ്ടുപോയി എന്ന ഒറ്റക്കാരണത്താൽ ആരും അപകടത്തിന് ദൃക്സാക്ഷിയാവുന്നില്ല. ഏതെങ്കിലും കേസിൽ ഏതെങ്കിലും പ്രത്യേക സാഹചര്യം മൂലം ആശുപത്രിയിൽ കൊണ്ടുപോയ കാര്യം തെളിയിക്കുവാൻ വേണ്ടി അങ്ങനെ ഒരാളെ സാക്ഷിയാക്കണമെന്നുണ്ടെങ്കിൽ അയാളെ സാക്ഷിപ്പട്ടികയിൽ ചേർക്കുന്നതിനു മുമ്പ് ഒന്നുകിൽ പ്രോസിക്യൂട്ടറുമായോ അല്ലെങ്കിൽ ജില്ലാ പോലീസ് സൂപ്രണ്ടുമായോ ആലോചിച്ച് അഭിപ്രായമറിഞ്ഞതിന് ശേഷമേ അങ്ങനെ ചെയ്യാവൂ.

*(കടപ്പാട്:ആരോഗ്യ അവകാശ കൂട്ടായ്മ ഫോൺ: 9446224412)*

ഇന്റർനെറ്റ്

## വെബ് ഇടങ്ങൾ

അറിയേണ്ടതും പരിചയപ്പെടേണ്ടതുമായ ചില വെബ് ഇടങ്ങൾ ഇതാ....,

### ഹരിതകം ഡോട്ട് കോം

കവി പി.പി. രാമചന്ദ്രനും സുഹൃത്തുക്കളും അണിയിച്ചൊരുക്കുന്ന കവിതകൾക്കായി മാത്രമുള്ള വെബ്സൈറ്റ് നല്ല ഒരു വെബ് വായന സാധ്യമാക്കുന്നു.

വിലാസം: www.harithakam.com

### ഹരിതചിന്ത ഡോട്ട് ബ്ലോഗ്സ്പോട്ട്

ഹരിതചിന്തകൾക്കായി വേറിട്ട ഒരു ബ്ലോഗ്. പരിസ്ഥിതി പ്രവർത്തകനായ ഷിനോ ജേക്കബ് കൂറ്റനാട് ആണ് അണിയറ ശില്പി. വ്യത്യസ്തമായ ജീവിതാനുഭവങ്ങൾ, കുറിപ്പുകൾ, ഹരിതവാർത്തകൾ തുടങ്ങിയ ജീവിതത്തെ കൂടുതൽ ഹരിതാഭമാക്കുന്ന ബ്ലോഗ്.

www.harithachintha.blogspot.com

കവിത

എൻ.എൻ. സുരേന്ദ്രൻ

# ചൂല്

വീടൊന്നടിച്ചുവാരണം
നാടൊന്നടിച്ചുവാരണം
അതിനു വേണമൊരു
പുത്തൻ ചൂലു തന്നെ.

കവിത

പി.പി. ജാനകിക്കുട്ടി

# സ്വാതന്ത്ര്യ ചിന്ത

തടവറ പൊളിച്ച്-
പുറത്തുവരുന്നൊരു വാക്ക്...
അനവധി അർത്ഥങ്ങൾ
സ്ഫോടനം ചെയ്തതിൽ നിന്ന്
എന്റെ സ്വാതന്ത്ര്യത്തി-
നർത്ഥസ്ഫുടത ലഭിച്ചു

കവിത

നിഖിൽ വർമ

# യന്ത്രം

മിഴികളമർത്തിത്തുടയ്ക്കുക നീയിന്നു
ചക്രവാളം ചുവന്നതു ഉദയത്തിനല്ല..
ഇരുളിൻ അറകളിലൊളിക്കുക നീയിന്നു
ദിനമൊരു ദീനമാം നാടകമല്ലോ
അകന്നു നിൽക്കട്ടെ ഞാനിനി
കേവലം ചേതനയറ്റൊരു യന്ത്രം

## 125-ാം ലക്കം

2011 ജനുവരിയിൽ ലിറ്റിൽ മാസിക 125 ലക്കം പൂർത്തിയാക്കുമ്പോൾ, പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുന്നു. കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, കത്തുകൾ, കാർട്ടൂണുകൾ, പഠനങ്ങൾ, കഥകൾ, കവിതകൾ....

ലിറ്റിൽ മാസികയുടെ ഈ പ്രത്യേക പതിപ്പിന്റെ ഉള്ളടക്കത്തെക്കുറിച്ച് എല്ലാവർക്കും അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കാം. രചനകൾ അയയ്ക്കാം.

വിവരങ്ങൾക്ക് എഴുതുക / വിളിക്കുക

*ലിറ്റിൽ മാസിക*
*ചുങ്കത്തറ പി.ഒ*
*മലപ്പുറം*
*പിൻ: 679334*
*ഫോൺ: 9946428284, 9995264564*
*ഇ-മെയിൽ:* littlemasika@gmail.com



കഥ

സുകേതു

# വിജയദശമി

വിശേഷ ദിവസങ്ങളിൽ,
ഇറച്ചിക്കോഴികളുടെ കഴുത്തറുക്കുന്ന വേഗത്തിൽ-
ആയിരക്കണക്കിന് കുരുന്നുകളുടെ കുഞ്ഞിന്നാക്കിൽ
ഹരിശ്രീ കോറിയിട്ടശേഷം-അമ്മാനൃൻതന്റെ പിണച്ചിട്ട കാൽ അഴിച്ച് കൈകുത്തി എഴുന്നേറ്റു.

ആകെ വിയർത്തൊലിച്ചിട്ടുണ്ട്. പുറത്തേക്ക് കടക്കാനുള്ള വഴിയിൽ-രോഗാണുക്കളെപ്പോലെ തിക്കിത്തിരക്കുന്ന-മാധ്യമക്കാരെ കണ്ടപ്പോൾ വന്യമായൊന്നു ചിരിച്ചു;

മുജ്ജന്മ ബന്ധം പുതുക്കുമ്പോലെ: നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഞാനെന്റെ കർത്തവ്യം പൂർവ്വാധികം ഭംഗിയാക്കി.

ഇപ്പോൾ എല്ലാംകൊണ്ടും കൃതാർത്ഥനാണ്.
ഇനി സൈസാക്കിക്കോളൂ..
കറിക്കോ ബിരിയാണിക്കോ..?
ആ പണി ഇങ്ങക്ക്.
ഉം.. ബേഗം ബേഗം..

# ആനന്ദത്തിന്റെ വഴി



*ലിയോ ടോൾസ്റ്റോയ്*

"ആനന്ദം ലഭിക്കാനുള്ള ഏറ്റവും മഹത്തായ വഴി എന്താണെന്ന് ഞാൻ വ്യക്തമായി കാണുന്നു - സ്നേഹം. ചിലന്തി തന്റെ വെള്ളിവല എങ്ങനെ പല ദിക്കുകളിലേക്കും വലിച്ചുകെട്ടുന്നുവോ, അങ്ങനെ സ്നേഹത്തിന്റെ വലയെ സ്വാഭാവികമായി നിരന്തരമായി നാലുദിക്കിലേക്കും വ്യാപിപ്പിക്കണം. ശിശുവെന്നോ വൃദ്ധനെന്നോ മനുഷ്യനെന്നോ മൃഗമെന്നോ നോക്കാതെ എന്തിനെയും അതിനാൽ ബന്ധിക്കണം."

പട്ടാളത്തിൽനിന്ന് വിരമിച്ച് വീട്ടിലെത്തിയ സമയത്ത് വിശ്വസാഹിത്യകാരൻ ലിയോ ടോൾസ്റ്റോയ് പറഞ്ഞ വാക്കുകളാണിത്. ഈ ദർശനം തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകതന്നെ ചെയ്തു ടോൾസ്റ്റോയ്. തന്റെ കുടുംബം വക അടിമകളെ അവർക്ക് ഭൂമി വീതിച്ചുനൽകി സ്വതന്ത്രരാക്കി അന്നത്തെ ചക്രവർത്തിക്കുതന്നെ മാതൃകയായി അദ്ദേഹം മാറി. സ്നേഹത്തിന്റെ ഈ മഹാദർശനം പിന്നീട് തന്റെ രചനകളിലേക്കുകൂടി പകർത്തുകയായിരുന്നു ടോൾസ്റ്റോയ്.

ജീവിതത്തിന്റെ
ലളിതപാഠങ്ങൾ
അക്കു



# തലക്കാവേരിയിലെ രാത്രി

പുലരിവെളിച്ചം കാത്തുകൊണ്ട് ഒരു രാത്രി മുഴുവൻ ഉറങ്ങാതെ ചെലവിടുന്നത് ഇതാദ്യമായാണ്. പക്ഷേ, സുഖസുഷുപ്തിയിലാണ്ട എത്രയോ രാത്രികളേക്കാളും ഇന്നും ഓർമയിൽ തങ്ങിനിൽക്കുന്നത് തലക്കാവേരിയിലെ തണുപ്പാർന്ന വിജനതയിലെ ഉറങ്ങാതെ നേരംവെളുപ്പിച്ച ഈ രാത്രിയാണ്. ഒരു മിസ്റ്റിക് അനുഭൂതി പോലെ ഈ രാത്രി ഇന്നും മനസ്സിൽ.

കർണ്ണാടകയിലെ കുടക് പ്രദേശങ്ങളിലൂടെയുള്ള അലഞ്ഞുതിരിഞ്ഞുള്ള യാത്രയുടെ ദിനങ്ങളായിരുന്നു അത്. കൂടെ മൂന്ന് സുഹൃത്തുക്കളും. അതിലൊന്ന് മരിച്ചുപോയ പ്രിയസുഹൃത്ത് മൂൺസ് ചന്ദ്രനും. എന്റെ പല യാത്രകളിലും കൂടെയുണ്ടായിരുന്ന സാന്നിധ്യം. ഈ യാത്രാകുറിപ്പ് മൂൺസിന്റെ ഒരു ഓർമക്കുറിപ്പുംകൂടിയാകുമോ?

നാഗർഹോളയും നിസർഗദാമവും മർക്കാറയും ബൈലക്കോപ്പയിലെ തിബറ്റൻ ഗ്രാമവുമെല്ലാം പിന്നിട്ട് ഭാഗമണ്ഡലത്ത് ഞങ്ങൾ ബസ്സിറങ്ങുന്നത് സന്ധ്യാനേരത്താണ്. കുടകിന്റെ ശൈത്യമറിഞ്ഞുതുടങ്ങിയ നേരം. യാത്രകൾക്ക് കാര്യമായ ആസൂത്രണങ്ങളൊന്നുമുണ്ടാകാറില്ലെങ്കിലും അലിഖിതമായ ഒരു രൂപരേഖ ഞങ്ങൾ ചർച്ചയിലൂടെ മനസ്സിലുറപ്പിക്കാറുണ്ട്. വായനയിലൂടെയോ സഞ്ചാരികളായ സുഹൃത്തുക്കളിൽനിന്നോ കിട്ടുന്ന വിവരങ്ങൾക്കനുസരിച്ച് യാത്രക്ക് ഏകദേശ ധാരണയുണ്ടാക്കുന്നു. സുൽഫി മാഷായിരുന്നു മിക്കപ്പോഴും ഞങ്ങളുടെ ഗൈഡ്. കൊച്ചുകൊച്ചു യാത്രകൾ ഞങ്ങളോടൊപ്പം നടത്തി സുൽഫിമാഷ് ഇപ്പോൾ ഈജിപ്തും റഷ്യയുമെല്ലാം ചുറ്റിയ ആഗോള സഞ്ചാരിയായി വളർന്നു.

ഭാഗമണ്ഡലത്തിൽനിന്ന് കയറിയാൽ ബ്രഹ്മഗിരിയുടെ മടിത്തട്ടിലുള്ള തലക്കാവേരി. ഭാരതത്തിലെ ഏഴ് പുണ്യനദികളിൽ ഒന്നായ കാവേരിയുടെ ഉത്ഭവകേന്ദ്രം. അവിടെനിന്ന് ബ്രഹ്മഗിരിയുടെ താഴ്‌വാരത്തിൽ കർണാടക - കേരള അതിർത്തിയിൽ പരന്നുകിടക്കുന്ന കാട്. കാട്ടിലൂടെ ഒരു പകൽ സഞ്ചരിച്ചാൽ കാസർഗോഡ് ജില്ലയിലെ പുളിങ്ങോം എന്ന അതിർത്തി ഗ്രാമത്തിലെത്താം. അവിടെനിന്ന് കണ്ണൂർ വഴി മടക്കയാത്ര. ഇങ്ങനെയൊരു പ്ലാനോടെയാണ് ഞങ്ങൾ ഭാഗമണ്ഡലത്തിലിറങ്ങിയത്. ഭാഗമണ്ഡലം ചെറിയൊരു കവലയാണ്. അവിടെനിന്ന് തലക്കാവേരിയിലേക്കുള്ള ബസ്സ് സർവ്വീസ് സമയം കഴിഞ്ഞുവെന്ന വിവരമാണ് ഞങ്ങൾക്ക് ലഭിച്ചത്. ഇനി ജീപ്പ് പിടിക്കണം. എന്നാൽതന്നെ തലക്കാവേരിയിലെത്തുമ്പോൾ രാത്രിയാവും. എവിടെ അന്തിയുറങ്ങും?

ഞങ്ങളുടെ കൈയിലെ യൂത്ത് ഹോസ്റ്റൽസ് ഡയറക്ടറിയിൽ തലക്കാവേരിയിലെ യൂത്ത് ഹോസ്റ്റൽ വിലാസമുണ്ടെന്ന അറിവാണ് ഏകധൈര്യം. ഇതിനുമുമ്പ് പല യാത്രകളിലും തുണച്ചിട്ടുള്ള ഉപകാരപ്രദമായ ഒരു ഡയറക്ടറിയാണത്. കുറഞ്ഞ ചെലവിൽ സുരക്ഷിതമായ താമസം സഞ്ചാരികൾക്കായി തരുന്ന ആഗോള സംവിധാനമാണ് യൂത്ത് ഹോസ്റ്റലുകൾ. (www.yhaindia.org)

പക്ഷേ, ഭാഗമണ്ഡലത്തുള്ളവർ പറയുന്നത് തലക്കാവേരിയിൽ അങ്ങനെ യാതൊരു താമസ സൗകര്യവുമില്ലെന്നാണ്. ഒന്നുരണ്ട് പെട്ടിക്കടകളും ചായക്കടയും മാത്രം. ഞങ്ങൾ ഡയറക്ടറിയെടുത്ത് വിലാസം കാണിച്ചുകൊടുത്തു. അവർക്കതേപ്പറ്റി ഒന്നുമറിയില്ല. എന്തായാലും തലക്കാവേരിയിൽ എത്തുകയെന്ന് തീർച്ചയാക്കി. ജീപ്പ് കിട്ടി. മലയാളി ഡ്രൈവർ. ചാർജ്ജ് പറഞ്ഞുറപ്പിച്ച് യാത്ര തുടങ്ങി. ഡ്രൈവറോടും യൂത്ത് ഹോസ്റ്റലിനെക്കുറിച്ച് ചോദിച്ചു. ജീപ്പിൽ കയറുമ്പോഴേ അയാൾ പറഞ്ഞത് അവിടെ താമസ സൗകര്യമൊന്നുമില്ലെന്നാണ്. തലക്കാവേരിയിൽനിന്ന് കാട്ടിലേക്കിറങ്ങുന്ന വഴിയിൽ കർണാടക വനം വകുപ്പിന്റെ ഒരു ഇൻസ്പെക്ഷൻ ബംഗ്ലാവുണ്ട്. അതായിരിക്കും നിങ്ങൾ പറയുന്ന യൂത്ത് ഹോസ്റ്റൽ എന്ന് അയാൾ സംശയം പറഞ്ഞു. എന്തായാലും വരുന്നതു വരട്ടെയെന്നു കരുതി തലക്കാവേരിയിലെത്താൻ തന്നെ ഞങ്ങൾ നിശ്ചയിച്ചു. നല്ല മഞ്ഞുപെയ്യുന്ന രാത്രിയിൽ കുത്തനെയുള്ള മലമ്പാതകൾ പിന്നിട്ട് തലക്കാവേരിയിലെത്തി. ജീപ്പിന്റെ വെളിച്ചത്തിൽ കാണുന്നതു പുക പോലുള്ള മൂടൽമഞ്ഞു മാത്രം. തീർത്തും വിജനം. കൊടും തണുപ്പും. ആ വിജനതയിൽ ഞങ്ങളെ ഉപേക്ഷിക്കാൻ ജീപ്പ് ഡ്രൈവർക്ക് മടിയുള്ളതുപോലെ. ഒടുവിൽ അയാൾതന്നെ ഞങ്ങൾക്കുവേണ്ടി മണ്ണെണ്ണവിളക്കിന്റെ വെളിച്ചം കണ്ട, ചാക്കുവിരികൾകൊണ്ടു മറച്ച ഒരു ചായക്കടയ്ക്കു മുമ്പിൽ ജീപ്പ് നിർത്തിയിറങ്ങി. ഞങ്ങളുടെ വിലാസത്തിലെ യൂത്ത് ഹോസ്റ്റൽ അന്വേഷിച്ചു. കുടക് ദമ്പതികളുടെ ചായക്കടയാണത്. അവരുടെ അന്തിയുറക്കവും അതിനുള്ളിൽതന്നെ. അവർക്കുമറിയില്ല അതേപ്പറ്റി. ഡ്രൈവറോട് വനംവകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവിലേക്ക് ജീപ്പ് വിടാൻ ഞങ്ങൾ പറഞ്ഞു.

കുത്തനെയുള്ള ഇറക്കമിറങ്ങി കാട്ടുപാതയുടെ ഓരത്തുള്ള ചെറിയൊരു ക്വാർട്ടേഴ്സാണ് ഇൻസ്പെക്ഷൻ ബംഗ്ലാവ്. വെളിച്ചമൊന്നും കാണാനില്ല. ഞങ്ങളിറങ്ങി വാതിൽക്കൽ മുട്ടി. ഏറെ നേരത്തിനു ശേഷം കന്നട ഭാഷയിൽ പിറുപിറുത്തുകൊണ്ട് സോളാർ ലാംപും പിടിച്ച് രണ്ടുപേർ വാതിൽ തുറന്നു. മദ്യ

# അവധിക്കാലം സന്തോഷം തരുന്നില്ലെന്ന് പഠനം

ഹോളിഡേ ട്രിപ്പുകളും വിനോദയാത്രകളും ജീവിതത്തിൽ ശരിയായ സന്തോഷം പ്രദാനം ചെയ്യുന്നില്ലെന്ന് ഡച്ച് അക്കാദമിഷ്യൻമാർ അടുത്തിടെ നടത്തിയ പഠനം വെളിപ്പെടുത്തുന്നു.

ഹോളിഡേ ട്രിപ്പുകൾ നടത്തിയ സ്ത്രീ പുരുഷൻമാരിൽ നടത്തിയ അന്വേഷണത്തിൽ, അവരിൽ ഭൂരിഭാഗം പേരും അവധി കഴിഞ്ഞ് സാധാരണ ദൈനംദിന ജീവിതചര്യകളിൽ എത്തിയപ്പോൾ മുമ്പത്തേക്കാളും സന്തോഷം കുറഞ്ഞവരായാണ് കാണപ്പെട്ടത് എന്ന് തുറന്നുപറഞ്ഞു. ഹോളിഡേ കഴിഞ്ഞ് ഏറിയാൽ രണ്ടാഴ്ച മാത്രം ചെറിയ സന്തോഷം ഉണ്ടാവാറുള്ളൂ എന്നും അതിനു ശേഷം പഴയപടിയാവുന്ന സ്ഥിതിയാണ് വരുന്നത് എന്നും പഠനം പറയുന്നു.

ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഒലിവർ ജെയിംസ് പറയുന്നത് അവധിക്കാലം ചിലവഴിക്കുന്നവർ തങ്ങൾ വീണ്ടും ജോലിത്തിരക്കിലേക്കും ജോലിഭാരത്തിലേക്കും മടങ്ങാനാണല്ലോ ജീവിച്ചിരിക്കുന്നത് എന്ന നിരാശയിൽ അസ്വസ്ഥരാണെന്ന് നിരീക്ഷിക്കുന്നു. എന്നാൽ ഫെലിക്ക ഹൂപ്പർട്ട് എന്ന സൈക്കോളജി പ്രൊഫസർ ഈ പഠനത്തെ വിമർശിക്കുന്നു. ശരിയായ ആനന്ദം ഒരാളുടെ താല്ക്കാലിക മാനസികാവസ്ഥ നോക്കി വിലയിരുത്താനാവില്ല എന്നും ശരിയായ സന്തോഷം അതിനുമപ്പുറമുള്ള മാനസിക അവസ്ഥയാണെന്നും അദ്ദേഹം പറയുന്നു.

പാശ്ചാത്യ സമൂഹത്തിൽ നടത്തിയ പഠനങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ശരിയാവണമെന്നില്ല എന്നാൽ വിനോദയാത്രകളും ആഘോഷങ്ങളും ആർക്കും സ്ഥായിയായ ആനന്ദം ഉണ്ടാക്കുന്നില്ല എന്നത് നമ്മുടെ സമൂഹത്തിലേയും അനുഭവമാണ്.

വിനോദയാത്രയ്ക്ക് പോവുന്ന സമയത്തെ സന്തോഷമോ മാനസിക ഉണർവ്വോ തിരികെ വരുന്ന സമയത്ത് കാണാത്തതെന്ത്? ഏത് ആഘോഷയാത്രയായാലും മടക്കയാത്രയിൽ അവശരായി മൗനികളായി ആളുകൾ ചടഞ്ഞിരിക്കുന്നത് കാണാം.

എന്തായാലും വിനോദയാത്രകളും, അവധിയാഘോഷങ്ങളും എപ്പോഴും ആനന്ദം ഉണ്ടാക്കുന്നില്ല എന്നതാണ് സത്യം.

ചിലപ്പോൾ ജോലിത്തിരക്കിലും, സാധാരണ ജീവിതചര്യകളിലും ആനന്ദം കണ്ടെത്താൻ കഴിയും. ഒരു ദിവസത്തെ കഠിനമായ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്ന തൊഴിലാളിയുടെ മുഖത്ത് അനിർവ്വചനീയമായ സന്തോഷം കാണാം.

---

ത്തിന്റെ രൂക്ഷഗന്ധം. ഞങ്ങൾ താമസസൗകര്യം തരാൻ അപേക്ഷിച്ചു. അവർ ഒറ്റയടിക്കു നിരസിച്ചുകൊണ്ട് വാതിലടച്ചു. കേരളത്തിലെ വനംവകുപ്പ് അധികൃതരോടുള്ള ബന്ധത്തിന്റെയടിസ്ഥാനത്തിൽ പല സ്ഥലങ്ങളിലും താമസസൗകര്യം കിട്ടിയ അനുഭവംവെച്ച് അവരോട് പറഞ്ഞുനോക്കി. അവർ കന്നടയിൽ ചീത്തവിളിച്ച് 'നോ' പറഞ്ഞു സോളാർ റാന്തലുമായി അകത്തേക്കുപോയി.

ജീപ്പ് ഡ്രൈവർ നിസ്സഹായതയോടെ ഞങ്ങളെ നോക്കുന്നു. തിരിച്ചു കിലോമീറ്ററുകൾ താണ്ടി ഭാഗമണ്ഡലത്തെത്തിയിട്ട് കാര്യമില്ല. അവിടെ ലോഡ്ജുകളൊന്നുമില്ല.

ഭാഗമണ്ഡലത്തിനും തലക്കാവേരിയ്ക്കുമിടയിലാണ് ഡ്രൈവറുടെ വീട് എന്ന് യാത്രക്കിടയിൽ അയാൾ പറഞ്ഞിരുന്നു. അയാൾക്ക് പോകാൻ തിടുക്കവുമുണ്ട്. ഒടുവിൽ സുൽഫി അയാളോട് ചോദിച്ചു: "ഞങ്ങൾ നാലുപേരും നിങ്ങളുടെ വീട്ടിൽ പോന്നാലോ?" ഒറ്റമുറിയുള്ള വീട്ടിൽ അയാളും കുടുംബവും കഴിയുന്നതിന്റെ പ്രയാസം പറഞ്ഞു. അയാൾ തലക്കാവേരിയിലെ ചായക്കടക്കു മുമ്പിൽ വണ്ടി നിർത്തി. ഞങ്ങളെ എന്തെങ്കിലുമൊന്ന് 'ചെയ്യാതെ' പോകാൻ നിവൃത്തിയില്ലാതെ ജീപ്പ് ഡ്രൈവറും കുടുങ്ങി. ചായക്കടക്കാരനോട് ഞങ്ങളെ പുലരുംവരെ അതിനകത്ത് കിടത്താമോ എന്ന് അയാൾ ചോദിച്ചു. ചാക്കുകൊണ്ട് മറച്ച ഒരു ചായ്പ്പാണ് ആ ചായക്കട. അതിനകത്താണ് അയാളുടെയും ഭാര്യയുടെയും അന്തിയുറക്കം. അവിടെ ഞങ്ങൾക്കുകൂടി ഇരിക്കാനുള്ള ഇടമില്ല. ഒടുവിൽ ചായക്കടക്കാരൻ ഒരു മാർഗം പറഞ്ഞു. അപ്പുറത്ത്, കാടിനോട് ചേർന്ന് ക്ഷേത്ര കമ്മറ്റിക്കാർ ഒരു സത്രം നിർമിച്ചുകൊണ്ടിരിക്കുന്നുണ്ട്. മണ്ണിൽ നാല് തൂണിനു മുകളിൽ ഒരു കോൺക്രീറ്റ് മേൽക്കൂര. ചുമരുകളില്ല. അതിനു ചുവട്ടിൽ മഞ്ഞുകൊള്ളാതെയിരിക്കാം. അയാൾ ഞങ്ങളെ അങ്ങെട്ടെത്തിച്ചുതരാമെന്ന് ഏറ്റു. ഡ്രൈവർക്ക് കാശുകൊടുത്ത് ഇത്രയെങ്കിലും സഹായങ്ങൾ ചെയ്തുതന്നതിന് നന്ദിപറഞ്ഞ് തിരിച്ചയച്ചു. ചായക്കടക്കാരൻ ഞങ്ങളോട് ദയ തോന്നിയിട്ടായിരിക്കാം, ഒരു പായയും മണ്ണെണ്ണ വിളക്കും തീപ്പെട്ടിയും ഞങ്ങളുടെ കയ്യിൽതന്നു. ഞങ്ങളെ പണി തീരാത്ത ആ സത്രത്തിന്റെ മേൽക്കൂരക്കു കീഴിലെത്തിച്ചു. രാവിലെ കാണാമെന്നു പറഞ്ഞ് തിരിച്ചുപോയി.

യാതൊരു പരിചയവുമില്ലാത്ത, ചുറ്റുപാടുകളെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്ത ആ സ്ഥലത്ത് കൊടും മഞ്ഞിന്റെ തണുപ്പേറ്റ് മണ്ണെണ്ണവിളക്കിന്റെ വെട്ടത്തിൽ ഞങ്ങൾ ഇരുന്നു. ചുറ്റും കാടാണ്. ഒന്നും കാണാനാവാത്ത ഇരുട്ട്. വന്യമൃഗങ്ങളോ ഇഴജന്തുക്കളോ ഉണ്ടാകുമോ? മറ്റു ദുരന്തങ്ങളൊന്നും സംഭവിച്ചില്ലെങ്കിൽ യാത്രയുടെ ആകസ്മികതകളുടെ രസം ആസ്വദിക്കാനായി ഒരു രാത്രി എന്നു കരുതുകയല്ലാതെ വേറെ നിവൃത്തിയില്ല.

കഴിഞ്ഞദിവസം ബൈലക്കോപ്പ തിബറ്റൻ ഗ്രാമത്തിൽ ലാമകളുടെ ആതിഥേയത്വം സ്വീകരിച്ച് ഗസ്റ്റ് ഹൗസിൽ രാജകീയമായ അന്തിയുറക്കമായിരുന്നു. ഈ രാത്രി ഇങ്ങനെയും. ചായക്കടക്കാരൻ തന്ന ഉള്ളിയുടെ ചൂരുള്ള പായയും ഞങ്ങളുടെ ഷീറ്റുകളും മണ്ണിൽ വിരിച്ച് കിടന്നു. സുൽഫി മാഷും ഹമീദ് മാഷും യാതൊരു ആശങ്കയുമില്ലാതെ കൂർക്കംവലി തുടങ്ങി. ഞാനും ചന്ദ്രനും ജീവിതത്തിൽ വന്നുപെട്ട ഇങ്ങനെയുള്ള ഒരു രാത്രിയെക്കുറിച്ച് സംസാരിച്ചുകൊണ്ട് ഉറക്കംവരാതെ കിടന്നു. ഉള്ളിൽ പേടി തോന്നുന്നുണ്ട്. ഒറ്റക്കല്ലല്ലോ എന്ന ആശ്വാസം. വിളക്കിലെ എണ്ണ തീർന്നുതുടങ്ങി. അതിന്റെ മങ്ങിയ വെളിച്ചത്തിനപ്പുറത്തെ ഇരുട്ടിൽ മിന്നിനീങ്ങുന്ന മിന്നാമിനുങ്ങുകളുടെ തുള്ളിവെളിച്ചങ്ങൾ. ഇടക്ക് കാട്ടിൽനിന്ന് കേൾക്കുന്ന എന്തൊക്കെയോ ശബ്ദങ്ങൾ.

ഞങ്ങൾ സ്വയം വരിച്ച ഒരു രാത്രിയാണിത്. സ്വാഭാവികമായി വരുന്ന ജീവിതാനുഭവങ്ങളുടെ മടുപ്പിൽനിന്ന് രക്ഷപ്പെടാനാണല്ലോ അനുഭവങ്ങൾ തേടിയുള്ള യാത്രകൾ തെരഞ്ഞെടുക്കുന്നത്. അപ്പോൾ ഇങ്ങനെയുള്ള അനുഭവങ്ങളും ഉണ്ടാകാമല്ലോ. പുലരിവെളിച്ചം കാത്തുകൊണ്ട് ഒരു രാത്രി മുഴുവൻ ഉറങ്ങാതെ ചെലവിടുന്നത് ഇതാദ്യമായാണ്. പക്ഷേ, സുഖസുഷുപ്തിയിലാണ്ട എത്രയോ രാത്രികളേക്കാളും ഇന്നും ഓർമയിൽ തങ്ങിനിൽക്കുന്നത് തലക്കാവേരിയിലെ തണുപ്പാർന്ന വിജനതയിലെ ഉറങ്ങാതെ നേരംവെളുപ്പിച്ച ഈ രാത്രിയാണ്. ഒരു മിസ്റ്റിക് അനുഭൂതി പോലെ ഈ രാത്രി ഇന്നും മനസ്സിൽ.

ശേഷം: ഒരു പകൽ മുഴുവൻ കൊടുംകാടിന്റെ ഹരിതാഭയിലൂടെ അലഞ്ഞ് പുളിങ്ങോം വഴി സന്ധ്യാസമയത്ത് കേരളത്തിലെത്തിച്ചേർന്ന ഞങ്ങളെ എതിരേറ്റത് പൊടുന്നനെ പ്രഖ്യാപിച്ച ഒരു ബന്ദാണ്. ബി.ജെ.പി നേതാവായ ജയകൃഷ്ണൻ മാസ്റ്റർ വെട്ടേറ്റു മരിച്ചതിൽ പ്രതിഷേധിച്ചുള്ള ബന്ദ്.

പ്രഭാഷണം

പി. ഗോവിന്ദപിള്ള

# കലയുടെ മതനിരപേക്ഷ മാനങ്ങൾ

ഉത്തമസാഹിത്യവും കലയും എല്ലാ കാലത്തും മതനിരപേക്ഷമായിരിക്കും. എല്ലാ ഭാഷയിലും എല്ലാ രാജ്യങ്ങളിലും അത് അങ്ങനെ തന്നെ ആയിരുന്നു.

മതത്തിന്റെ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന കലാസൃഷ്ടിയെന്ന് പ്രകീർത്തിക്കപ്പെട്ടതും അവകാശപ്പെടുന്നതുമായ ദാന്തെയുടെ ഡിവൈൻ കോമഡി ഇതിന്റെ മനോഹരമായ ഒരു ഉദാഹരണമാണ്. ദാന്തെയുടെ കൃതിയിൽ നായകനും അയാളുടെ കാമുകിയും തമ്മിലുള്ള സംഭാഷണങ്ങളിലെ ചർച്ചാവിഷയമായി വരുന്നത് മതത്തിനു വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച ദാന്തെയുടെ കാഴ്ചപ്പാടുകളാണ്.

മതത്തെക്കുറിച്ചുള്ള മാർക്സിന്റെ നിരീക്ഷണം വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു മാത്രമല്ല മാർക്സ് പറഞ്ഞത്. അത് ഹൃദയമില്ലാത്ത ലോകത്തിന്റെ ഹൃദയമാണെന്നു കൂടി അദ്ദേഹം പറഞ്ഞിരുന്നു.

ഹെഗലിനെ കുറിച്ച് പഠിക്കുകയും എഴുതുകയും ചെയ്തിരുന്ന മാർക്സ് എഴുതിയ ഹെഗലിന്റെ നിയമ ദർശനത്തെപ്പറ്റിയുള്ള നിരൂപണത്തിന് ഒരു സംഭാവന എന്ന പ്രബന്ധത്തിലാണ് മതത്തെ കുറിച്ചുള്ള മാർക്സിന്റെ പ്രസിദ്ധമായ ഈ പരാമർശം വന്നത്. അതിലെ ഒരു ഖണ്ഡികയുടെ അവസാന വാചകത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു മയക്കുമരുന്ന് എന്ന പ്രയോഗം.

വളരെ വിശാലമായ അർത്ഥവ്യാപ്തിയുള്ള ഒരു ഖണ്ഡികയുടെ അവസാന വാചകത്തിന്റെ ഒരു ഭാഗം മാത്രം മുറിച്ചെടുത്ത് ലോകവ്യാപകമായി പ്രചരിപ്പിക്കുകയാണുണ്ടായത്. യഥാർത്ഥത്തിൽ മതത്തിനു കൊടുക്കാൻ കഴിയുന്ന ഏറ്റവും മികച്ച വിശേഷണങ്ങൾ കൊടുത്ത അതേ ഖണ്ഡികയിൽ തന്നെയാണ് മാർക്സ് ഈ പരാമർശം നടത്തിയത് എന്നത് പോലും ബോധപൂർവ്വം തമസ്ക്കരിക്കപ്പെട്ടു.

മതം എന്നത് അയഥാർത്ഥമായ ഒന്നാണെന്നും അതിനെ വിമർശന വിധേയമാക്കി ജനങ്ങളുടെ മനസ്സിലെ തെറ്റിദ്ധാരണകൾ മാറ്റിയെടുക്കേണ്ടതുണ്ടെന്നും ഉറച്ചു വിശ്വസിച്ചിരുന്ന മാർക്സ് താൻ ജീവിച്ചുകൊണ്ടിരിക്കുന്ന ലോകത്ത് മതം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ദൗത്യം സംബന്ധിച്ച് സത്യസന്ധവും സർഗ്ഗാത്മകവുമായ വിശകലനമാണ് ആ പ്രബന്ധത്തിൽ നടത്തുന്നത്. മതം അന്നത്തെ ലോകത്ത് ഏത് രീതിയിലാണ് നിലനിൽക്കുന്നത് എന്നത് വിശദീകരിക്കാൻ മാർക്സ് ഉപയോഗിക്കുന്ന വാക്കുകൾ മതത്തിന്റെ വക്താക്കളായ ആളുകൾ പോലും ഉപയോഗിക്കുന്നതിനേക്കാൾ ശക്തവും കവിതപോലെ കലാപരവും ചിന്തോദ്ദീപകവുമാണ്. മാർക്സ് ആ പ്രബന്ധത്തിൽ മതത്തെ വിശേഷിപ്പിച്ചിരുന്നത് നോക്കുക:

ഇനിയും സ്വയം കണ്ടെത്താത്തവനോ
കണ്ടെത്തിയിട്ട് സ്വയം നഷ്ടപ്പെട്ടവനോ ആയ മനുഷ്യന്റെ ആത്മബോധനവും ആത്മസംവേദനവുമാണ് മതം.
ഈ ലോകത്തിന്റെ സാമാന്യ സിദ്ധാന്തമാണത്.
അതിന്റെ സർവവിജ്ഞാനകോശതുല്യമായ സംഗ്രഹമാണത്.
സരളരൂപത്തിലുള്ള അതിന്റെ യുക്തിയാണത്.
അതിന്റെ ആത്മീയാഭിമാനസ്തംഭമാണത്.
അതിന്റെ ഉത്സാഹമാണ്.
അതിന്റെ പരിപാവനമായ അനുബന്ധമാണ്.
ആശ്വാസത്തിനും ന്യായീകരണത്തിനുമുള്ള
അതിന്റെ സാർവത്രികമായ ഉറവിടമാണത്.
മാനവസത്തയുടെ അയഥാർത്ഥമായ സാക്ഷാത്ക്കാരമാണത്.

ഇത്തരം വിശേഷിപ്പിക്കലുകളിലൂടെ മതത്തെ വിലയിരുത്തുന്ന പ്രസ്തുത ഖണ്ഡികയുടെ അവസാന ഭാഗം ഇങ്ങനെയാണ്.

മതപരമായ സന്താപമെന്നത് അതേസമയം തന്നെ യഥാർത്ഥ സന്താപത്തിന്റെ ഒരു ബഹിർസ്ഫുരണവും യഥാർത്ഥ സന്താപത്തിനെതിരായ ഒരു പ്രതിഷേധവും കൂടിയാണ്. മതം മർദ്ദിത ജനതയുടെ നിശ്വാസമാണ്. ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണത്, അത് പോലെ തന്നെ ഉന്മേഷരഹിതമായ



കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച ബഷീർ ചുങ്കത്തറയുടെ "ഇശൽ ചക്രവർത്തി മോയിൻകുട്ടി വൈദ്യർ" എന്ന ഗ്രന്ഥം ഒ.എൻ.വി. കുറുപ്പ് പ്രഭാവർമയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു. പി. ഗോവിന്ദപിള്ള, ടി.കെ. ഹംസ, പുരുഷൻ കടലുണ്ടി, പ്രൊഫ. വി.എൻ മുരളി തുടങ്ങിയവർ സമീപം.

സാഹചര്യങ്ങളിലെ ലഹരിയുമാണത്. ജനങ്ങളെ മയക്കുന്ന മരുന്നാണത് . ഈ അവസാനത്തെ രണ്ട് മൂന്ന് വാക്കുകൾ മാത്രം എടുത്ത് തെറ്റായ പ്രചാരണങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്.

മാർക്സിന്റെ സർഗ്ഗാത്മക സമീപനം മതത്തിന്റെ തന്നെ മതനിരപേക്ഷമാനങ്ങളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ബ്രൂണോയെ ചുട്ടുകൊല്ലാനും അസാധാരണമായ കഴിവുകൾ പ്രകടിപ്പിച്ചിരുന്ന സ്ത്രീകളെ ദുർമന്ത്രവാദികളെന്ന് മുദ്രയടിച്ച് കൊലപ്പെടുത്താനും പ്രേരകമായി നിന്ന മതത്തെയാണ് മാർക്സ് വിമർശിച്ചത്. അപ്പോഴും അത് മർദ്ദിതന്റെ വിശ്വാസമാണെന്നും ഹൃദയമില്ലാത്ത ലോകത്തിന്റെ ഹൃദയമാണെന്നും പറയാൻ അദ്ദേഹം മടിച്ചില്ല.

മതമില്ലായ്മ പോലും മതമായി അവതരിപ്പിക്കപ്പെടുന്ന അവസ്ഥയും മതങ്ങളുടെ ചരിത്രത്തിൽ അനുഭവപ്പെടുന്നുണ്ട്. ബുദ്ധദർശനം ഒരു ജീവിതരീതിയായിരുന്നു. പക്ഷെ അത് മതവൽക്കരിക്കപ്പെട്ടു. യഥാർത്ഥമായ ബുദ്ധദർശനത്തെ ഹീനയാനം എന്ന് താഴ്ത്തിക്കെട്ടുകയും മതവൽക്കരിക്കപ്പെട്ട ബുദ്ധദർശനം മഹായാനമെന്നു പ്രകീർത്തിക്കപ്പെടുകയുമായിരുന്നു.

ശിൽപവിദ്യയും പ്രതിമാ നിർമ്മാണവും അടുത്തകാലം വരെയും ദൈവികകാര്യങ്ങളുമായി ബന്ധപ്പെട്ട ഒരു കലയായിരുന്നു. അവിടെയും കല ചെയ്യുന്ന ദൗത്യം ആകാശങ്ങളിലിരിക്കുന്ന ദൈവങ്ങളെ ഭൂമിയിലേക്ക് ഇറക്കിക്കൊണ്ട് വരികയാണ്.

മതപരമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഉത്തമ സാഹിത്യ രചന നടത്തിയവരാണ് തുഞ്ചനും, പൂന്താനവും, ചെറുശ്ശേരിയും, മേൽപത്തൂരുമെല്ലാം. അവയിലെല്ലാം കലയുടെ മതനിരപേക്ഷ ഭാവം നമുക്ക് വായിച്ചെടുക്കാനാവും. വൈദ്യർ കൃതികളും ഈ ദൗത്യം ഭംഗിയായി നിർവ്വഹിക്കുന്നുണ്ട്. ഇത് വിശദമാക്കാനുള്ള ഒരു ശ്രമം കൂടിയാണ് ഇന്നിവിടെ പ്രകാശനം ചെയ്തിട്ടുള്ള ബഷീർ ചുങ്കത്തറയുടെ ഇശൽ ചക്രവർത്തി മോയിൻകുട്ടി വൈദ്യർ എന്ന പുസ്തകം.

*(ബഷീർ ചുങ്കത്തറയുടെ ഇശൽ ചക്രവർത്തി മോയിൻകുട്ടി വൈദ്യർ എന്ന പുസ്തകം പ്രകാശനച്ചടങ്ങിൽ നടത്തിയ പ്രഭാഷണത്തിന്റെ സ്വതന്ത്ര ആവിഷ്കരണം.)*

വായന

ബിജു ജോൺ

# ധ്യാനത്തിന്റെ ചലനാത്മകമായ വഴികൾ

## ഗീതി കെ.ബിയുടെ കളരിപ്പയറ്റും ഞാനും എന്ന പുസ്തകത്തെ മുൻനിർത്തിയുള്ള ധ്യാനചിന്തകൾ..




ജപ്പാനിൽ വാൾപ്പയറ്റും ധ്യാനത്തിനുള്ള ഉപായമാക്കി തീർത്ത ഒരു പാരമ്പര്യമുണ്ട്. വാൾപ്പയറ്റെന്നല്ല ഏത് ആയോധനമുറയും ചെയ്യുമ്പോൾ ചിന്തയ്ക്കു മുമ്പ് തന്നെ പ്രവൃത്തി വേണ്ടിവരുന്നു. ഏതെങ്കിലുമൊരു നിമിഷം അബോധത്തിന്റെ ഒരു ചെറിയ നിഴൽ വന്നാൽ മതി, അപകടമാവാൻ. ചിന്തയ്ക്ക് കടന്നുവരാൻ അൽപം പോലും ഇടമില്ലാതിരിക്കെ, ഒരുവന് നിശ്ചിന്തയിൽ നിന്ന് പ്രവർത്തിക്കേണ്ടിവരുന്നു. ഇതു തന്നെയാണ് ധ്യാനം. വാൾപ്പയറ്റും ധ്യാനത്തിലേക്കുള്ള വഴിയാവുന്നത് ഇങ്ങനെയാണ്.

ഇങ്ങനെ അമാനസ (No-Mind)ത്തിൽ നിന്ന് പ്രവർത്തിക്കുന്ന ധ്യാനാവസ്ഥയിലേക്ക് മനസ്സിനെ സജ്ജമാക്കാൻ അതീവ ചടുലതയും കണിശതയും നിറഞ്ഞ കളരിപ്പയറ്റ് എന്ന ആയോധനകലയ്ക്കും കഴിയും എന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ടോ?

കളരിപ്പയറ്റ് എന്ന ആയോധനകലയിലേക്ക് മനസ്സും ശരീരവും വ്യാപരിച്ച് പരിശീലനം നടത്തുന്ന ഗീതി കെ.ബിയുടെ അനുഭവക്കുറിപ്പുകൾ 'കളരിപ്പയറ്റും ഞാനും' വായിക്കുമ്പോൾ താൻ അഭ്യസിക്കുന്ന കലയെ സൂക്ഷ്മാർത്ഥത്തിൽ മനസ്സിലും ശരീരത്തിലും തിരിച്ചറിഞ്ഞ ഒരു അന്വേഷകയെ ആണ് കാണാൻ കഴിയുക. കളരിപ്പയറ്റിനെ ചലനാത്മകമായ ഒരു ധ്യാനമാക്കി അനുഭവിക്കുന്ന ഗീതി പറയുന്നു: 'പെൺകുട്ടികൾ കുറച്ച് കൈവിദ്യകൾ എങ്കിലും പഠിച്ചിരുന്നെങ്കിൽ എന്ന് ഞാനാഗ്രഹിച്ചു പോവുന്നു. മറ്റൊന്നിനും വേണ്ടിയല്ല, ശാന്തമായ ഹൃദയത്തോടെ ഒന്ന് യാത്ര ചെയ്യാൻ, കിനാവിൽ കണ്ട വേലകളും കാഴ്ചകളും നേരിട്ട് കാണാൻ ധൈര്യത്തോടെ ഇറങ്ങിത്തിരിക്കാൻ....'

ഒരു പെൺകുട്ടി ആയോധനകല അഭ്യസിച്ചാൽ അവൾക്കു മാത്രമല്ല ധൈര്യം ലഭിക്കുന്നത്; വീട്ടിലുള്ളവർക്കും അവളെ കുറിച്ച് ആലോചിക്കുന്ന, ആശങ്കപ്പെടുന്ന എല്ലാവർക്കും അത് ധൈര്യം പകരുന്നു.

മനസ്സിനെ ജയിക്കുക എന്നതത്രെ ഉത്തമ ആയോധനകലയുടെ മുഖ്യ ധർമ്മം എന്ന് ഗീതി തന്റെ സത്യാന്വേഷണങ്ങളുടെ ഭാഗമായി കണ്ടെത്തിയിരിക്കുന്നു. ഗീതി പറയുന്നു: 'ഇരയാകുവാൻ തയ്യാറല്ലാത്ത ശാരീരികവും മാനസികവുമായ അവസ്ഥ കൈവരിക്കുവാൻ സാധിക്കുന്നതാണ് ഒരു ആയോധന കലാകാരിയുടെ ഏറ്റവും വലിയ കരുത്തും നേട്ടവും. പുതിയ കാലത്ത് ആക്രമണങ്ങൾ അത്ര പ്രത്യക്ഷമല്ല. ശത്രുക്കളെ നേരിട്ട് അഭിമുഖീകരിക്കാനുമാവില്ല. ഒളിഞ്ഞിരിക്കുന്ന ശത്രുവിനോടും, ഭീഷണമായ സാഹചര്യങ്ങളോടും, തളർത്തുന്ന ഇച്ഛാഭംഗങ്ങളോടും, സ്വന്തം മനസ്സിന്റെ വിഭ്രമങ്ങളോടുമാണ് ഒരാൾക്ക് പോരാടേണ്ടിവരുന്നത്. ഒളിക്യാമറകളും ഒളിഞ്ഞുനോട്ടങ്ങളും പോലെ പുതിയകാലത്തെ ശത്രുരൂപങ്ങൾ നിറഞ്ഞാടുമ്പോൾ മുമ്പ് പറഞ്ഞ രൂപത്തിലെ ജാഗ്രത്തായ അവബോധം സ്ത്രീസമൂഹം ആർജ്ജിക്കേണ്ടതുണ്ട്. അവിടെയാണ് ചലനത്തിന്റെ സർഗ്ഗാത്മകമായ സാധ്യതകൾ ആയോധനകലയിൽ അന്വേഷിക്കുന്നതിന്റെ പ്രസക്തി. ധ്യാനം കേവല നിശ്ചലതയിൽ മാത്രമല്ല ചലനാത്മകതയിലൂടെയും സംഭവിക്കാം എന്ന് യുക്തിഭദ്രമായി ഗീതി സമർത്ഥിക്കുന്നത് നോക്കുക:

'അകവും പുറവും പയറ്റിത്തെളിഞ്ഞ ഒരാൾക്ക് ഇവിടെ ഈ നിമിഷം ഏറ്റവും നല്ലതുപോലെ ഓരോ സന്ദർഭത്തിലൂടെയും കടന്നുപോകുവാൻ കഴിയുന്നു. ഊർജ്ജം കേന്ദ്രീകരിക്കപ്പെടുമ്പോൾ അകമേ നിറയുന്ന നിശ്ശബ്ദതയിൽ ഒഴിഞ്ഞുപോവാനും, കടന്നുപോവാനും, വെറുതെ വിടാനും പഠിക്കുന്നു. ആത്മവിശ്വാസം ഉള്ളിലെ ഭീരുവിനെയും ഭീകരനെയും പിഴുത് കളയാനുള്ള വഴിയാകുന്നു.'

പുസ്തകത്തിലെ മനോഹരവും ചിന്തോദ്ദീപകവുമായ 'ചലനാത്മകമായ ധ്യാനത്തിന്റെ വഴി' എന്ന അവസാന അദ്ധ്യായത്തിൽ കാവ്യാത്മകമായ ഭാഷയിൽ ഗീതി കുറിക്കുന്നു:

'കാറ്റടിച്ചു, പുൽനാമ്പ് തലകുനിച്ചു.
മഴപെയ്തു, പുൽനാമ്പ് ഭൂമിയിലേക്ക്
താഴ്ന്ന് അമർന്നു നിന്നു.
ഇളംകാറ്റിനോടൊത്ത് അത് നൃത്തമാടും.
പക്ഷേ കൊടുങ്കാറ്റിനു പോലും
അതിന്റെ വേരുകൾ പറിക്കാൻ കഴിയുകയില്ല.


മനസും ശരീരവും ഒന്നാകുന്ന ഈ അവസ്ഥയിലെത്തുന്നത് പുറത്തെ പയറ്റ് അകത്ത് ഉണരുമ്പോഴാണ്. നൂറങ്കം വെട്ടുന്നതിനു പകരം ഒരങ്കം ഒഴിവാക്കുവാൻ കഴിയുന്നതാണ് ശരിയായ കഴിവ്.' ഉള്ളിന്റെയുള്ളിൽ ഒരു സെൻ ബുദ്ധിസ്റ്റിന്റെ ഭാവം ആർജ്ജിച്ചവർക്കുമാത്രം പറയാൻ കഴിയുന്നതാണ് മേൽ വരികൾ.

---

*പേജ് 3ൽനിന്ന് തുടർച്ച*

വസ്ത്ര പ്രചാരകരായി. കലോത്സവ പരിപാടികളിൽ ഇതേ വസ്ത്രം ധരിച്ചു. ഇത് കൂടുതൽ കുട്ടികളിൽ ഖാദിസ്നേഹം വളർത്താൻ സഹായകമായതാണ് അനുഭവമെന്ന് ഈ സംഘം പറയുന്നു.

### ഖാദിവസ്ത്ര പ്രദർശനവും വിൽപനയും




*ഡോ. എ. നുജൂം*

കൂടുതൽ കുട്ടികളിലേക്ക് ഖാദി സന്ദേശം എത്തിക്കാനും ഉഗ്രപുരത്തെ നെയ്ത്തുസംഘത്തെ പിന്തുണയ്ക്കുന്നതിനും വേണ്ടി സർഗ്ഗവേദി കഴിഞ്ഞ ഗാന്ധിജയന്തി ദിനത്തിൽ ഖാദി-കൈത്തറി ഉല്പന്നങ്ങളുടെ പ്രദർശനവും വില്പനയും കോളേജിൽ സംഘടിപ്പിച്ചു. കുട്ടികൾ കൂട്ടത്തോടെ പ്രദർശനം കാണാനും തുണിത്തരങ്ങൾ വാങ്ങാനും എത്തി. ഒരുദിവസത്തെ പ്രദർശനം രണ്ടുദിവസത്തേക്ക് നീട്ടി. 19,000 രൂപയുടെ ഖാദി-കൈത്തറി ഉത്പന്നങ്ങളാണ് പ്രദർശനത്തിൽ വിറ്റഴിച്ചത്. ഈ പരിപാടിയോടെ കാമ്പസിൽ ഖാദിവസ്ത്രധാരികളുടെ എണ്ണം കൂടി. തങ്ങൾ ധരിക്കുന്ന വസ്ത്രം ഒരു സ്വദേശി ഉത്പന്നമാണെന്നും അതുവഴി കുറേപേരുടെ ഉപജീവനത്തെ സഹായിക്കാനാകുമെന്നും തിരിച്ചറിയാനായത് മഹത്തായ കാര്യമാണെന്ന് സർഗ്ഗവേദി പ്രവർത്തകരായ സുർജിത്ത്, ആരോമൽ, ദീപ്തി എന്നിവർ പറഞ്ഞു. നുജൂം സാർ കോളേജ് വിട്ടുപോയെങ്കിലും അദ്ദേഹം തുടങ്ങിവെച്ച ഈ പ്രവർത്തനങ്ങൾ തുടർന്നുപോകുന്നത് സന്തോഷകരമായ കാര്യമാണെന്ന് പ്രിൻസിപ്പൽ ചുമതലയുള്ള ശ്രീ. അബ്ബാസ് പറഞ്ഞു.

# END OF SPECIES

ബിജു ജോൺ



## ആവിയന്ത്രം

എം.പി. പ്രതീഷിന്റെ 'ആവിയന്ത്രം' കവിതാ സമാഹാരം തപാലിൽ ലഭിക്കാൻ 35 രൂപ എം.ഒ. അയയ്ക്കുക.


ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ.
മലപ്പുറം
പിൻ: 679334


## വായനക്കാരുടെ പ്രതികരണങ്ങൾ - തപാലിൽ, ഇ മെയിലിൽ, ടെലഫോൺ, എസ്.എം.എസ്. വഴി

### വായനയുടെ പക്ഷം



ലിറ്റിൽ മാസികയുടെ മൊത്തം ദർശനങ്ങളോട് ചേർന്നുപോകുന്ന പാക്തിയാണ് ഷൗക്കത്തിന്റെ മൊഴിയാഴങ്ങൾ. വലിയ സത്യം ലളിതമായി പറഞ്ഞിരിക്കുന്നു. ഇന്നത്തെ ലോകത്തിന് വഴിപറഞ്ഞുകൊടുക്കുന്ന ഇത്തരം ആഴമുള്ള മൊഴികൾ ലിറ്റിൽ മാസികയെ കനപ്പെട്ടതാക്കുന്നു.

*നൗഷാദ്, ചാത്തല്ലൂർ*

ഞങ്ങളുടെ സ്കൂളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറിയും വായനാമുറിയുമുണ്ട്. ഇരുപത്തഞ്ചിലധികം ആനുകാലികങ്ങളും എനിക്കു വരുന്ന പതിനഞ്ചോളം കുഞ്ഞുമാസികകളും വായനയ്ക്ക് ഇടുന്നുണ്ട്. എനിക്ക് പതിവായി വരുന്ന ലിറ്റിൽ മാസിക എന്റെ വായനയ്ക്കു ശേഷം ലൈബ്രറിയിൽ ഇടുന്നുണ്ട്. ഞങ്ങളുടെ ലൈബ്രറിയെ കുറിച്ച് 19-10-2010 ന് മാതൃഭൂമി ദിനപത്രത്തിൽ വന്ന ഒരു വാർത്ത ഇതോടൊപ്പം അയക്കുന്നു. ഞാനനുഭവിക്കുന്ന ചെറുസന്തോഷം സ്നേഹത്തോടെ പങ്കുവെയ്ക്കട്ടെ.

*ഷാജി പുൽപ്പള്ളി*

നമ്മുടെ ചുറ്റുപാടും നടക്കുന്ന ചെറുതും വലുതുമായ പാരിസ്ഥിതിക മാറ്റങ്ങളും അവയ്ക്ക് നിദാനങ്ങളായ കാരണങ്ങളും വിവിധ ഇടങ്ങളിൽ ഇവയ്ക്കു പരിഹാരമെന്നോണം നടക്കുന്ന പ്രവർത്തനങ്ങളും ലളിതമായ ഭാഷയിൽ കൈകാര്യം ചെയ്യുന്നതിൽ ലിറ്റിൽ മാസിക പ്രധാന പങ്കുവഹിച്ചുവരുന്നതിൽ സന്തോഷമുണ്ട്. തീർച്ചയായും അഭിനന്ദനാർഹം.

ലിറ്റിൽ മാസികയുടെ കെട്ടും മട്ടും വ്യത്യസ്തത പുലർത്തുന്നുണ്ട്. വസ്തുതകളുടെ ലഘുവിവരണങ്ങളിലെ മിതത്വവും കാര്യഗൗരവം സ്വാംശീകരിക്കാൻ പറ്റാവുന്ന രീതിയിലുള്ള വിശകലനവും നല്ലതുതന്നെ. ചുരുങ്ങിയ പേജുകളിൽ ഏറെ വിവരങ്ങൾ ഉൾപ്പെടുത്താനായി സ്വീകരിച്ച അക്ഷരവലുപ്പവും നന്നായിട്ടുണ്ട്. ഇത്തരം ശ്രമങ്ങൾ വഴി ലഭിക്കുന്ന ഫലത്തിന്റെ വലുപ്പം ചെറുതല്ലെന്നു കൂടി വിശ്വസിക്കുക.

*എം.പി ചന്ദ്രൻ, വാഴക്കാട്*

Little Masika

November 2010 Postal Reg.No. KL/MJI/82/2010-2012.
RN 67322 / 94 registered with the Registrar of
News Papers for India New Delhi Rs. 6.50

# നവംബർ 27: ഒന്നും വാങ്ങാതെ ഒരു ദിവസം

ഉപഭോഗ ജീവിതശൈലിക്ക് ബദലായി ഉയർന്ന് വന്ന ആശയമാണ് ബൈ നതിംഗ് ഡേ . കാനഡായിൽ ആരംഭിച്ച ബൈ നതിംഗ് ഡേ കാമ്പയിൻ കനേഡിയൻ മാസികയായ അഡ്ബസ്റ്റേഴ്സ് ഏറ്റെടുത്തു. വന്യമായ ഉപഭോഗസംസ്ക്കാരം ശാപമായി മാറിയ ഒന്നാം ലോകരാജ്യങ്ങളിൽ യാതൊന്നും വാങ്ങാതെ 24 മണിക്കൂർ കഴിച്ചുകൂട്ടുക ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമാണ്. വികസിത രാജ്യങ്ങളിൽ പ്രതി ശീർഷ ഉപഭോഗം കുത്തനെ ഉയരുമ്പോൾ വിഭവങ്ങളുടെ അമിത ഉപഭോഗം, വിഭവങ്ങളുടെ അനാവശ്യ ധൂർത്ത്, കുന്നുകൂടുന്ന മാലിന്യം ഇവയാണ് ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ ചിന്തിക്കുന്ന ആക്റ്റിവിസ്റ്റുകൾ ഒന്നും വാങ്ങാതെ ഒരു ദിവസം എന്ന പ്രചാരണ സന്ദേശം ജനങ്ങളിലേക്ക് പകർന്നു. അന്തവും കുന്തവും ഇല്ലാതെ വാങ്ങുക, വാങ്ങുക, ഉപയോഗിക്കുക, കൂടുതൽ ഉപയോഗിക്കുക എന്നത് ജീവിതശൈലിയാക്കിയ വികസിത സമൂഹം ഗത്യന്തരമില്ലാതെ വാങ്ങലും ഉപഭോഗവും കുറയ്ക്കാൻ സ്വയം ആലോചിക്കുന്നതിന്റെ ഭാഗമാണീ കാമ്പയിൻ.




വ്യത്യസ്തവും മൗലികവുമായ ഇത്തരം ദിനാചരണങ്ങൾ ശ്രദ്ധിക്കാതിരുന്നുകൂടാ. നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ഇത്തരം കാര്യങ്ങളെക്കുറിച്ച് ലിറ്റിൽ മാസിക നിരന്തരം പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നു. നിങ്ങൾക്കും ഇത്തരം ആശയങ്ങൾ പങ്കുവെക്കാം.

ലിറ്റിൽ മാസിക

16 ലക്കങ്ങൾക്ക് 100 രൂപ

Subscribe to The Green Truth

M.O അയക്കേണ്ട വിലാസം
ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ
മലപ്പുറം - 679334







